ആതുരാലയങ്ങളുടെ നവീകരണത്തിന് ലോകബാങ്ക് സഹായം

109 [5895] ശ്രീ. സി. ടി. അഹമ്മദ് അലി:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആതുരാലയങ്ങളുടെ നവീകരണത്തിന് ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കെ. എസ്.എച്ച്. ഡി. പി. പദ്ധതിയിൽ വരുന്ന ആശുപത്രികൾ ഏതൊക്കെയാണെന്നും ഇത്തരം ഓരോ യൂണിറ്റുകൾക്കും എത്ര തുക വീതം നീക്കിവെയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ആയതിന്റെ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞോ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇതിനായി മേൽനോട്ടം വഹിക്കുന്ന കമ്മിറ്റിയുടെ ഘടന വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി 910 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്റ്റ് എന്ന പദ്ധതിയും മെഡിക്കൽ കോളേജുകളുടേയും അനുബന്ധ ആശുപത്രികളുടേയും വികസനത്തിനായി 128 കോടിയുടെ മറ്റൊരു പദ്ധതിയുമാണ് ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി—ഡി) സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ മുതൽ മുകളിലോട്ടുള്ള ആശുപത്രികളുടെ വികസന പ്രവർത്തനങ്ങളാണ് കേരള സെക്കണ്ടറി ഹെൽത്ത് സെന്റർ സിസ്റ്റം ഡെവലപ്മെന്റ് പ്രോജക്ട് എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനുശേഷം ലോക ബാങ്കിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിച്ചാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സഹായം

110 [5896] ശ്രീ. ഡി. സുഗതൻ:
,, കെ. മുഹമ്മദാലി:
,, എൻ. ഡി. അപ്പച്ചൻ:
,, വി. ബാലറാം:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യു. എൻ-ൽ നിന്നോ, യു. എൻ. സ്പെഷ്യലൈസ്ഡ് ഏജൻസികളിൽനിന്നോ വിദേശങ്ങളിൽനിന്നോ സംസ്ഥാനത്തിന് എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ 2001-02, 2002-03 വർഷങ്ങളിൽ എന്തു തുക വീതം ഈയിനത്തിൽ ലഭിക്കുകയുണ്ടായി;

(സി) ഈ തുക എന്തെല്ലാം പ്രവർത്തനങ്ങൾക്കായി എത്ര വീതം ചെലവഴിച്ചു എന്നു കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) പ്രസ്തുത തുക സംബന്ധിച്ച കണക്കുകൾ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലാത്തപക്ഷം ആയതിന്റെ കണക്ക് അക്കൗണ്ടന്റ് ജനറലിനെകൊണ്ട് ആഡിറ്റിന് വിധേയമാക്കുമോ;

(എഫ്) ഈ കണക്കുകൾ അക്കൗണ്ടന്റ് ജനറലിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കാത്തപക്ഷം അതിനുള്ള കാരണം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ വഴി ലോക ബാങ്കിൽനിന്നും ബ്രിട്ടീഷ് സർക്കാരിന്റെ ഭാഗമായ അന്തർദേശീയ വികസന നിധി (സി. എഫ്. ഐ. ഡി.)-യിൽ നിന്നും പ്രോജക്ട് ധനസഹായമായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് ഫണ്ട് ലഭിക്കുന്നു.

(ബി) 2001-02 വർഷത്തിൽ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനിൽ നിന്ന് 350 ലക്ഷം രൂപയും സി. എഫ്. ഐ. ഡി.-യിൽ നിന്ന് 400 ലക്ഷം രൂപയും 2002-03 വർഷത്തിൽ യഥാക്രമം 470 ലക്ഷം, 367 ലക്ഷം രൂപയും ലഭിക്കുകയുണ്ടായി.

(സി) സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.†

(ഡി) ഈ ചെലവ് എല്ലാ വർഷവും നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ താഴെ പറയുന്ന ഓഡിറ്റുകൾക്ക് വിധേയമാക്കുന്നുണ്ട്:

(1) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ വാർഷിക ഇന്റേണൽ ഓഡിറ്റ്.

(2) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ നിശ്ചയിക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റ് നടത്തുന്ന വാർഷിക ഓഡിറ്റ്

(3) അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റ്.

(ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly